# അവിസ്മരണീയനായ കേശവമേനോൻ

പ്രൊഫ. സി. കെ. മൂസ്സത്

പാലക്കാടിന്റെ സാഹിത്യപൈതൃകത്തെപ്പററി ഭാഷാധ്യാപകരെ ഉദ്ദേശിച്ച ഒരു സെമിനാർപ്രബന്ധം തയ്യാറാക്കേണ്ടി വന്നപ്പോൾ ഞാനൊരു ഉപശീർഷകം കുറിച്ചിരുന്നു—കോമ്പി അച്ചനിൽനിന്നു കേശവമേനോനിലേക്ക്! പ്രസ്തുത പ്രബന്ധം സമാപിച്ചതിങ്ങനെയും. 'കഥകളി സാഹിത്യത്തിൽ പുതുമചേർക്കുക, സാഹിത്യനായകനെ കുടുംബാംഗമാക്കി സ്വീകരിക്കുക, അന്ധതകൊണ്ട് ഒട്ടവിലായ കവിയെ കൈകൊടുത്തുയർത്തുക, പത്രപ്രവർത്തനത്തിൻ സാഹിത്യോപാസന കാണുക—പാലക്കാടൻ സാഹിത്യ പൈതൃകത്തിന്റെ കസവിഴകളാണിവ. അതെങ്ങിനെയായാലും വിദ്വാൻ കോമ്പിഅച്ചന്റെ അഭിജാത പാരമ്പര്യം വികസിച്ചുണ്ടായ ശ്രീ. കെ. പി. കേശവമേനോൻ അജ്ഞാനജ്യോതിസ്സായി ചിരകാലം വിരാജിക്കട്ടെ'. 1090 കന്നിയിൽ തീപ്പെട്ട വിദ്വാൻ കോമ്പിഅച്ചൻ എന്ന ശേഖരീവർമ്മ വലിയ രാജാവാണ് കേരളീയമായ ഇതിവൃത്തത്തിൽ ഇദംപ്രഥമമായി ഒരു ആട്ടക്കഥ (നീലാസുരവധം) വിരചിക്കുന്നത്. ആ പൈതൃകം സ്വദേശാഭിമാനിയെ ആദരിക്കാനും ജാത്യന്ധനായ ഒട്ടവിൽ ശങ്കരൻകുട്ടി മേനോനെ മാർഗദർശം കൊടുത്തു നയിക്കാനും ഉപകരിച്ചു. കേശവമേനോൻ ഒരു ഭദ്രദീപംപോലെ ഏറെക്കാലം പ്രകാശിച്ചുകാണാൻ ജഗദംബയെ പ്രാർഥിച്ചുപോയി. അതു 1975 ഒക്ടോബറിലാണെങ്കിൽ മൂന്നുവർഷമായതേ ഉള്ളു. ഈ നവംബർ 9 ന്ന തന്നെ ആ ജ്യോതിസ്സ് അസ്തമിച്ചു. പക്ഷേ, ഒരുത്കൃഷ്ട മഹാകാവ്യം മംഗളമായി വായിച്ചുതീർന്ന നിർവൃതിയാണ് എനിക്കനുഭവപ്പെട്ടത്. കാരണമുണ്ട്. 'മരണം ആസന്നമായിരിക്കുന്നുവെന്നു വേണ്ടപ്പെട്ടവർ അറിയത്തക്കവണ്ണം ഏതാനും ദിവസം രോഗശയ്യയിൽപെട്ടു മരിക്കാനാണ് എനിക്കാഗ്രഹം'. ആത്മകഥയിൽ കേശവമേനോൻ പ്രകടമാക്കിയ മോഹം അക്ഷരംപ്രതി സാദ്ധ്യമാക്കിക്കൊണ്ടാണു മാതൃഭൂമി പത്രാധിപത്യത്തോടും ലോകത്തോടും അദ്ദേഹം വിടചൊല്ലിയതു്. കേളപ്പജിയെപ്പോലെ ഗാന്ധി ആശ്രമത്തിൽ ചോരഛർദ്ദിച്ച നിലയിലുള്ള അന്ത്യശ്വാസം വേണ്ടിവന്നില്ല, മന്നത്തു പത്മനാഭനെപ്പോലെ ആഴ്ചകളോളം മരണത്തിന്റെ ഹംസവാഹനത്തിനുവേണ്ടി 'കാത്തുകിടക്കേണ്ടിയും വന്നില്ല. കേശവമേനോൻ ഏതുകൊണ്ടും ഒരു ഭാഗ്യവാനായിരുന്നു.

1886 സെപ്തംബർ ഒന്നിന് ആലത്തൂരിനടുത്തു തരൂരിൽ പാലക്കാട്ട് രാജവംശവുമായി ബന്ധപ്പെട്ട നടുവിൽ എടം ഭീമനച്ചന്റെ പുത്രനായി കിഴക്കെ പുത്തൻ മാളിക്കൽ കേശവമേനോൻ ജീവിതമാരംഭിച്ചു. കോഴിക്കോട്ടു കേരള വിദ്യാശാലയിലും മദിരാശി ക്രിസ്ത്യൻ കോളേജിലുമായിരുന്നു ഉപരിവിദ്യാഭ്യാസം. ബി. ഏ ബിരുദമെടുത്ത അദ്ദേഹം ബാരിസ്റ്റർഭാഗം പഠിക്കാൻ 1912 ൽ ലണ്ടനിലേക്കുപോയി. തുടർന്നുള്ള മൂന്നു വർഷത്തെ അനുഭവമാണു 'ബിലാത്തി വിശേഷ' ത്തിന്റെ ഉള്ളടക്കം. 1915-ൽ തിരിച്ചെത്തിയപ്പോൾ, അന്നത്തെ ദേശീയപ്രക്ഷോഭത്തിന്റെ

# അവിസ്മരണീയനായ കേശവമേനോൻ

സ്വാധീനത്തിൽനിന്നു മാറിനിൽക്കാൻ കേശവമേനോനു കഴിഞ്ഞില്ല. കോൺഗ്രസ്സ് പ്രസ്ഥാനം കോഴിക്കോട്ട് ബീജാപാപം ചെയ്ത മുഖ്യൻ അദ്ദേഹംതന്നെ. 1921 ലെ ഖിലാഫത്തു പ്രസ്ഥാനത്തിലും സജീവമായി പങ്കെടുത്ത അദ്ദേഹം 1924-ൽ വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ച് ആറുമാസക്കാലം പൂജപ്പുരയിൽ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. 'ബന്ധനത്തിൽനിന്നു'' എന്ന ഗ്രന്ഥം അതിന്റെ മധുരഫലമാണ്. അതിനിടയ്ക്കു പല സുഹൃത്തുക്കളുമായി സഹകരിച്ച് മാതൃഭൂമി പത്രം ആരംഭിക്കാനിടയായി. മാതൃഭൂമിയുടെ പംക്തികളിൽക്കൂടി ആവേശം ഉൾക്കൊണ്ടാണല്ലോ മലബാറിൽ കോൺഗ്രസ് പ്രസ്ഥാനം ശക്തിപ്പെട്ടതു്.

ഉല്പതിഷ്ണുവായിരുന്നുവെങ്കിലും പ്രകൃത്യാ കേശവമേനോൻ മിതവാദിയാകാനാണിഷ്ടപ്പെട്ടതു്. ഗോപാലകൃഷ്ണഗോഖലയെ അനുസ്മരിപ്പിക്കുന്ന അഭിജ്ഞനായ കേരളീയൻ. കോളജ് വിദ്യാർഥിയായിരിക്കുമ്പോൾ ഗോഖലെയെ കണ്ടതും മററും അദ്ദേഹം വിവരിക്കുന്നുണ്ട്. "സ്വാർഥരഹിതമായ ദേശസേവനത്തിനു മാർഗദർശിയെന്ന നിലയിൽ ഗോഖലേ അന്നത്തെ യുവാക്കളുടെ ആരാധ്യപുരുഷനായിരുന്നു. എങ്ങിനെയെങ്കിലും ഗോഖലെയെ ഒന്നു തൊടണം എന്ന മോഹം എനിക്കുണ്ടായി. മദിരാശി പൊതുയോഗം അവസാനിച്ചു പ്രസംഗപീഠത്തിൽ നിന്നിറങ്ങുമ്പോഴേക്കു ആളുകൾ ചുററുംകൂടി. അദ്ദേഹത്തെ സമീപിക്കാൻ നിവൃത്തിയില്ലായിരുന്നു. ഗോഖലെ വണ്ടിയിൽ കയറാൻ പോയപ്പോൾ ഞാനും പിന്നിൽക്കൂടി. മുമ്പിലുണ്ടായിരുന്നവരെ തിക്കിനീക്കി ഞാൻ അദ്ദേഹത്തെ സമീപിച്ചു കൈതൊട്ടു ആ ശ്രമത്തിൽ എന്റെ തൊപ്പി താഴത്തുവീണു. മററുള്ളവർ അതു ചവിട്ടിക്കീറി. എങ്കിലും ദേശാഭിമാനിയായ ഗോപാലകൃഷ്ണഗോഖലെയെ ഞാൻ കൈകൊണ്ടുതൊട്ടു! ഗോഖലേയുടെ കാര്യശേഷിയും സേവനതല്പരതയും ത്യാഗശീലവും ഇന്നും നമുക്ക് ആവേശം തന്നുകൊണ്ടിരിക്കുന്നു. മറെറാരു ദേശീയനേതാവിനെക്കുറിച്ചും ഗാന്ധിയെക്കുറിച്ചുകൂടി ഇത്ര ആവേശത്തോടെ കേശവമേനോൻ എഴുതിയതായറിവില്ല.

ആദർശപരതയും പ്രായോഗികബുദ്ധിയും സമരസപ്പെടുത്തിയെടുത്ത നിറപ്പകിട്ടുള്ള ഒരുൽകൃഷ്ടശില്പമായിരുന്നു ആ ജീവിതം. താനുണ്ണാത്തേവര് എങ്ങനെ വരംകൊടുക്കും? സാമ്പത്തികപരാധീനതയിൽ കുരുങ്ങാത്തതാകണം തന്റെ വ്യക്തിജീവിതമെന്ന് അദ്ദേഹം നിശ്ചയിക്കുന്നതങ്ങിനെയാണ്. ഈശ്വരൻ തന്നേ വിളിച്ച് ഒരു വരം തരുകയാണെങ്കിൽ, കടം ചോദിക്കാനിടയാക്കരുതേ എന്നാകുമായിരുന്നുവത്രേ, കേശവമേനോന്റെ പ്രാർഥന. സ്വാതന്ത്ര്യസമരത്തിൽസ്സക്രിയക്കുറവുകൊണ്ടല്ല, സാമ്പത്തികഭദ്രത ഉറപ്പുവരുത്താനാകണം 1927 ൽ അദ്ദേഹം കേരളംവിട്ടു സിങ്കപ്പൂരിൽ പോയി താമസമാക്കിയതു്. രണ്ടാം ലോകയുദ്ധകാലത്തു് 1941 ൽ സിംഗപ്പൂരിൽ ഉണ്ടായ ജാപ്പ് വ്യോമാക്രമണാനുഭവങ്ങൾ 'കഴിഞ്ഞകാല'ത്തിൽ ഭംഗിയായി വിവരിച്ചിട്ടുണ്ട്. ആറുവർഷക്കാലത്തെ ജയിൽജീവിതമാണ് അദ്ദേഹത്തിനു ജപ്പാൻകാർ വിധിച്ചതു്. യുദ്ധമവസാനിച്ച് 1948 ൽ ഇന്ത്യയിലെത്തി മാതൃഭൂമിയുടെ പത്രാധിപത്യം ഏറെറടുത്തുതാനും. 1951 ൽ സിലോൺ ഹൈക്കമ്മീഷണറായി രണ്ടുവർഷക്കാലം ഉദ്യോഗത്തിലിരുന്നതൊഴിച്ചു ജീവാന്ത്യംവരെ മാതൃഭൂമിയുടെ പത്രാധിപത്യം കേശവമേനോനുതന്നെയായി. അതിനിടയ്ക്കു കഴിഞ്ഞകാലം എന്ന ആത്മകഥക്ക് സാഹിത്യഅക്കാദമി അവാർഡ് കിട്ടി. 1966 ൽ പത്മഭൂഷണബിരുദംകൂടി ലഭിച്ച കേശവമേനോൻ തന്റെ ഒഴിവുസമയമധികവും ഗ്രന്ഥനിർമ്മാണത്തിനായിരുന്നു ചെലവഴിച്ചതു്.

കളങ്കമില്ലാത്ത മനസ്സാക്ഷിയെ ആശ്രയിച്ചതാണ് തന്റെ ജീവിതവിജയമെന്നു കേശവമേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്. 'ഭാഗ്യം നമ്മെ അനുഗ്രഹിച്ചാലും പണം ഉണ്ടായാലും സ്വഭാവശുദ്ധി പ്രവർത്തനത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ മറെറാന്നും സുഖത്തിലേക്കും സമാധാനത്തിലേക്കും നയിക്കുകയില്ല' എന്നാണ് അദ്ദേഹത്തിന്റെ വിശ്വാസപ്രമാണം. ഏതായാലും മുമ്പു പറഞ്ഞപോലെ അദ്ദേഹം ഒരു ഭാഗ്യവാനായിരുന്നു. പല ദുർഘടസന്ധിയിൽനിന്നും രക്ഷിക്കാൻ സഹപ്രവർത്തകർ ഓടിയെത്തി എന്നതാണ് വസ്തുത.

ഗ്രന്ഥാലോകം

1938ൽ ...്യയിൽ മടങ്ങിയെത്തിയപ്പോൾ സു ...ഷ് ...ദ്രബോസിനെ സംബന്ധിച്ച് അദ്ദേഹം നടത്...യ പരാമർശങ്ങളിൽ ക്ഷുഭിതരായ നിരവധി ...വാക്കൾ കേരളത്തിലുണ്ടായിരുന്നു. കോഴി...ാട്ട് വണ്ടി ഇറങ്ങിയപ്പോൾ സംഘടിപ്പിക്കപ്പെട്ട പ്രതിഷേധകോലാഹലങ്ങളിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചതു് കേളപ്പനും കുട്ടിമാളുഅമ്മയും മററുമായിരുന്നു. കൂടാതെ മാതൃഭൂമി സംബന്ധിച്ച ഉത്തരവാദിത്തങ്ങളിൽനിന്ന് അദ്ദേഹത്തെ ഒഴിവാക്കാൻ ആസൂത്രിത മുറയിൽ ഒരു ശ്രമം നടന്നുവത്രേ. മാതൃഭൂമി പ്രവർത്തകനായ ശ്രീ. മാധവനാറിൽനിന്നു വസ്തുത മനസ്സിലാക്കി കേളപ്പൻ യഥാസമം പ്രസ്തുത യോഗസ്ഥലത്ത് അററുവീണു", കേശവമേനോന്റെ കളങ്കമററ വ്യക്തിത്വമാണ് മാതൃഭൂമിയുടെ ഏററവും വലിയ സ്വത്തെന്നും അതു കൈമോശം വന്നുപോകരുതെന്നും അഭ്യർത്ഥിച്ചതിനെ തുടർന്ന് ആ പ്രയത്നം അലസികത്തിനു ശേഷമാണ്. 'സമർത്ഥരാവും നിങ്ങളുടെ സഹപ്രവർത്തകർ എന്ന തോന്നൽ ആ നിയമനത്തിൽ നിയാമകഘടകമായിരുന്നു' എന്നു കേശവമേനോൻതന്നെ പിൽക്കാലത്ത് എന്നോടു പറഞ്ഞിട്ടുമുണ്ട്.

1966 ൽ ആണല്ലോ അദ്ദേഹത്തിനു പത്മഭൂഷൺ ബിരുദം നൽകപ്പെടുന്നതു്. പാലക്കാട്ട് വി. വി. പി. ഹൈസ്കൂൾ അങ്കണത്തിൽ കേശവമേനോനെ അനുമോദിക്കാൻ ഒരു പൗരയോഗം കൂടി. ഞാനെത്തിയപ്പോഴെക്കും 13 പേർ പ്രാസംഗികരായി പേർകൊടുത്തു കഴിഞ്ഞിരുന്നു. യോഗാദ്ധ്യക്ഷൻ അഡ്വക്കേററ് ഇ. ശങ്കരനുണ്ണിയാണ്. വലിയ കണിശക്കാരൻ. ആറുമണിക്ക് വടക്കന്തറ കതിനകേൾക്കുമ്പോൾ യോഗം തുടങ്ങും. അധ്യക്ഷഭാഷണത്തിനു 8 മിനുട്ട്: കേശവമേനോന് 30 മിനുട്ട്. 13 ആശംസക്കാർക്ക് നന്നാലു മിനുട്ടുവീതവും. യോഗം കൃത്യം ഏഴരമ

## പ്രൊഫ: സി. കെ. മൂസ്സത്

ണിക്കു തീർക്കണം. അധ്യക്ഷഭാഷണത്തിൽ മി. ഉണ്ണി പറഞ്ഞു 'ഇംഗ്ലീഷിൽ പ്രസംഗിക്കാനാണ് എനിക്കിഷ്ടം. ഇക്കുറി മലയാളത്തിൽ പ്രസംഗം മകളെക്കൊണ്ട് പറഞ്ഞുകൊടുത്തു പകർത്തിച്ചിട്ടുണ്ട്. പററിയ ഒരാളെ വായിക്കാൻ ഞാൻ നിയോഗിക്കും'. തുടർന്നു രണ്ടാംവരിയിൽ ഖിന്നനായിരുന്ന എന്നെ ചൂണ്ടി. ശ്രീ. മൂസ്സതു് എനിക്കുവേണ്ടി വായിക്കും എന്ന് അദ്ദേഹം പ്രഖ്യാപിച്ചപ്പോൾ എന്റെ ഉത്സാഹം ഉച്ചകോടിയിലെത്തി എന്നു പറയേണ്ടതില്ലല്ലോ. അഭിമാനപൂർവം വായിച്ചശേഷം ഒരു വാക്യം ചേർക്കാൻ എനിക്കു തോന്നി. 'വായിച്ച വാക്യങ്ങൾ മുഴുവൻ അധ്യക്ഷന്റേതു്. പ്രയോഗിച്ച അപസ്വരം മാത്രം എന്റേതു്, അതിനു മാപ്പ്.' ഓർക്കാപ്പുറത്തു കിട്ടിയ ഭാഗ്യനിമേഷങ്ങളിലൊന്നായി ഞാനിന്നും ആ സംഭവം ഓർത്തുപോകയാണ്.

കേശവമേനോൻ തിരുവനന്തപുരത്തെത്തുന്നുണ്ടെന്നറിഞ്ഞാൽ ഞാൻ അദ്ദേഹത്തെ കാണാൻ ശ്രമിക്കുക പതിവാക്കി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ കാലത്ത് എൻ. വി. യോട്ട് അദ്ദേഹം ചോദിച്ചുവത്രേ, മി. മൂസ്സതു് എവിടെ താമസിക്കുന്നുവെന്ന്. 'ഗസ്റ്റ്ഹൗസിനടുത്താണ്', തൈ

പ്പോയി എന്നേ ഉള്ളൂ. കേളപ്പജിതന്നെ ഈ വസ്തുത എനിക്ക് നാടകീയതയോടെ വിവരിച്ചുതന്നിട്ടുണ്ട്.

പാലക്കാട്ട് ഒരു വാർഷികയോഗത്തിനു ക്ഷണിച്ച അനുഭവം ഇന്നും പച്ചപിടിച്ച് എന്റെ മനസ്സിലുണ്ട്. ഞാൻ നിർദ്ദേശിച്ച ദിവസം ഡയറി നോക്കി തനിക്കു സൗകര്യമുള്ളതാണെന്ന് അദ്ദേഹം പറഞ്ഞു. 'കാലത്ത് ഒലവക്കോട്ട് വണ്ടിയിറങ്ങിയാൽ നേരെ പോകുക അത്താഴച്ചിറയിലേക്കാകും; വൈകിട്ട് അവിടെ വന്നാൽ മതി പക്ഷേ യോഗം കൃത്യസമയത്തിനു തുടങ്ങണം. ഇത്രമാത്രമാണ് എനിക്കു പറയാനുള്ളതു്.' വഴിച്ചെലവിനുള്ള വക കൊണ്ടുവന്നിട്ടുണ്ടെന്നു സൂചിപ്പിച്ചപ്പോൾ, എന്റെ കൈ തടഞ്ഞു് അദ്ദേഹം പറയുകയാണ് 'പാലക്കാട് എന്റെ ജന്മസ്ഥലം; അവിടെ എത്തുന്നതു് എന്റെകൂടി ആവശ്യം. അതു് മററുള്ളവരുടെ ചെലവിൽ ആകരുതെന്നാണ് എന്റെ നിയമം. മനസ്സിലായല്ലോ'. എം. വി. ദേവൻ, കുട്ടിക്കൃഷ്ണമാരാർ തുടങ്ങി പലരും അന്നവിടെ ചടങ്ങിനെത്തി. എന്നോടൊപ്പം പ്രവർത്തിച്ച എം. ടി. വാസുദേവൻനായർ മാതൃഭൂമിയിൽ നിയമിതനാകുന്നതും ആ വാർഷി

ക്കാട്ടുതന്നെ' എന്നു കേൾക്കേണ്ട താമസം, കേശവമേനോന്റെ പ്രതികരണം ഇതായി: 'അപ്പോൾ തെക്കാട്ട് മൂസ്സായി അങ്ങനെ കൂടിയിരിക്കുന്നു അദ്ദേഹം അല്ലേ'. സ്വതസിദ്ധമായ നർമ്മബോധം ദീർഘായുസ്സിന്റെ ആധാരശിലയായിരുന്നു.

കഴിഞ്ഞകൊല്ലം ഞാൻ കേശവമേനോനു ഒരു കത്തെഴുതി. സംശയനിവൃത്തിയായിരുന്നു ഉദ്ദേശം. എം. രാമവർമ്മതമ്പാൻ തയ്യാറാക്കിയ പ്രഭാഷണങ്ങൾ എന്ന ഗ്രന്ഥത്തിൽ കേരളത്തിലെ പടപ്പാട്ട് എന്ന ഒരു ഭാഗമുണ്ട്. കെ. പി. കേശവമേനോന്റെ ഒരു പുസ്തകത്തിൽനിന്നു എടുത്തതു് എന്ന കുറിപ്പു കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു, പാട്ടുകൾ എഴുതിയിട്ടുണ്ടോ കേശവമേനോൻ എന്നു്. അടിമയില്ലാത്ത നാട് ആണുങ്ങളുള്ള നാട്' എന്നതാണു പല്ലവി. ഇതു ഏതു പുസ്തകത്തിൽനിന്നാണു എന്നതായിരുന്നു സംശയം. 8-3-77 ന്റെ തിയ്യതിവച്ചുള്ള മറുപടി എനിക്കു കിട്ടി. മലയാള മട്ടിൽ ശ്രീ എന്നു് ആദ്യം ചേർത്തു സംബോധന ഒഴിവാക്കിയ രീതിയിലായിരുന്നു മറുപടിക്കത്തു്. 'സദയമയച്ച എഴുത്തുകിട്ടി. മറുപടിക്കു വൈകിയതിൽ ഖേദിക്കുന്നു. കത്തിൽ സൂചിപ്പിച്ച പടപ്പാട്ട് അസ്തമനം എന്ന എന്റെ പുസ്തകത്തിൽ അതേ പേരിലുള്ള ഒന്നാമത്തെ കഥയുടെ മൂന്നാം അധ്യായത്തിലാണുള്ളതു്. (പേജ് 17, 18) ടിപ്പുവിന്റെ ആക്രമണകാലത്തു പലരും നാടുവിട്ട് ഓടിപ്പോയെങ്കിലും നാട്ടിൽത്തന്നെ നിന്നു ശത്രുവിനെ എതിരിടാൻ മുതിർന്ന രാജ്യസ്നേഹികൾ പാടിയതെന്ന നിലയ്ക്കാണു ഇതു് കഥയിൽ ചേർത്തിരിക്കുന്നതു എന്നു് കെ. പി. കേശവമേനോൻ. കത്തിലും കൂടികാണാം തനതായ തറവാടിത്തവും കണിശവും.)

കേരളം അടിമയില്ലാത്തതും ആണത്തമുള്ളതും ആയി കാണാൻ അദ്ദേഹം അഭിലഷിച്ചു. അതിനുവേണ്ടി കഥയെഴുതുക മാത്രമല്ല, യോഗങ്ങൾ സംഘടിപ്പിച്ചു പത്രപ്രവർത്തനം നടത്തി. 'പക്ഷേ നിസ്സാരകാര്യങ്ങൾക്കായി രാഷ്ട്രീയ കക്ഷിക്കാർ സംഘടിപ്പിച്ച സത്യാഗ്രഹവും നിരാഹാരവ്രതവും വിദ്യാർത്ഥികളിൽ വളരുന്ന അച്ചടക്കമില്ലായ്മയും ഗവർമ്മെണ്ട ജീവനക്കാരിൽ പടർന്നു പിടിക്കുന്ന ധിക്കാരപൂർവമായ അനുസരണക്കേടും അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഒരു കണക്കിനു് ആനുകാലികങ്ങളിലും ബഹുജനമാധ്യമങ്ങളിലും വന്നുപെട്ട സാംസ്കാരികലോപങ്ങൾ അദ്ദേഹത്തിനു് കാണേണ്ടിവന്നില്ല. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ വള്ളത്തോളിന്റെ ബാധിര്യബാധയെപ്പററി എഴുതി. 'വേദനയോടുകൂടാത്ത ബാധിര്യത്തെ ആശാസ്യമായിട്ടാണു് ഞാൻ ഗണിക്കുന്നതു്. ദുർഭാഷണങ്ങൾ കേൾക്കാതിരിക്കാൻ അതൊരു മാർഗ്ഗമാവുമല്ലോ.' വേദനകൂടാത്ത അന്ധതയും ആശാസ്യമെന്നു പറയേണ്ട നില വരുത്തിവച്ചിട്ടില്ലേ. നമ്മുടെ പല ആനുകാലികങ്ങളുടേയും മൂല്യസങ്കൽപം.

കഴിഞ്ഞ ആഗസ്റ്റിലാണു കേശവമേനോൻ ഓഡിറ്റോറിയം ജന്മദേശമായ തരൂരിൽ കേരള ഗവർണർ ഉൽഘാടനം ചെയ്തതു്. ക്ഷണക്കുറി കിട്ടിയെങ്കിലും എത്തിപ്പെടാൻ എനിക്കു കഴിഞ്ഞില്ല. അന്നു പാലക്കാട്ടുള്ള എന്റെ ശ്രീമതി ചടങ്ങിൽ സംബന്ധിച്ചു. സിക്രട്ടറി വായിച്ച റിപ്പോർട്ടിന്റെ ഒരു പ്രതി എനിക്കു കിട്ടി. എന്റെ പാലക്കാട്ടുള്ള വസതിയിൽവെച്ച് ഓഡിറ്റോറിയം വേണമെന്നു കേളപ്പജിയുടെ അധ്യക്ഷതയിൽ കൂടിയ പൗരയോഗം തീരുമാനമെടുത്തുവെന്നും കേളപ്പജി അധ്യക്ഷനും ഞാൻ ഖജാൻജിയുമായി തിരഞ്ഞെടുക്കപ്പെട്ടുവെന്നും സെക്രട്ടറിയുടെ റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുള്ളതു് ഞാൻ അഭിമാനത്തോടെ ഓർത്തുപോകയാണു. ശ്രീ. കേശവമേനോന്റെ മുൻപറഞ്ഞ കത്തും, റിപ്പോർട്ട് പ്രതിയും എന്റെ വശമുള്ള കഴിഞ്ഞ കാലം കോപ്പിയുടെ ഇരുചിറകുകളിൽ ഭദ്രമാക്കി സൂക്ഷിച്ചിരിക്കയാണു്.

മുമ്പു സൂചിപ്പിച്ചപോലെ ഗോഖലെയായിരുന്നു കേശവമേനോന്റെ ആദർശപുരുഷൻ. പലപ്പോഴും വിശ്വാസപ്രമാണങ്ങൾക്കനുസരിച്ചു പ്രവർത്തിക്കാൻ സാധിച്ചില്ല; ചിലപ്പോൾ വിപരീതമായും പ്രവർത്തിക്കേണ്ടിവന്നിട്ടുണ്ട്. അതു് പ്രലോഭനങ്ങളെ മനക്കരുത്തോടെ നേരിടാൻ ശക്തിയില്ലാത്തതുകൊണ്ടാണു് എന്നു് അദ്ദേഹം സ്വയം വിലയിരുത്തുന്നുമുണ്ട്. ജീവിതത്തിലുള്ള ഔൽസുക്യം ഒരിക്കലും അദ്ദേഹം കൈവിട്ടില്ല. പുസ്തകങ്ങൾ വായിക്കാനും എഴുതാനും ജീവിതത്തിലെ ഒരു നല്ലഭാഗം വിനിയോഗിച്ച ഒരു യുഗപ്രഭാവനായിരുന്നു കേശവമേനോൻ.

മഹാകവിത്രയമെന്നപോലെതന്നെ കേരളം എന്നുമെന്നും സ്മരിക്കേണ്ട മഹാപുരുഷത്രയമാണു മന്നം, കേളപ്പൻ, കേശവമേനോൻ എന്നിവർ. പെരുന്നയിലും ഗുരുവായൂരിലുംവെച്ചു മന്നവും കേളപ്പനും കൂട്ടുകൂടി; കോഴിക്കോട്ട് കേശവമേനോന്റെ കൂടെയായി കേളപ്പൻ. വൈക്കം സത്യാഗ്രഹാശ്രമത്തിൽ മൂന്നുപേരും ഉണ്ടായിരുന്നു. ഈ യുഗപ്രഭാവന്മാർ മൂന്നുപേരുമായി അടുത്തിടപഴകാൻ കഴിഞ്ഞ ഞാൻ കേശവമേനോന്റെ സ്മരണയ്ക്കു മുമ്പിലും നിവാപാഞ്ജലി ഉകട്ടേ.